## പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.*126** 05/ 02/ 2019- ൽ മറുപടിയ്ക്ക്

## കാർഷിക വിപണി വിപുലീകരിക്കാനുള്ള പ്രവർത്തനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.ഡി.കെ. മുരളി**<br>**ശ്രീ.ആർ. രാജേഷ്**<br>**ശ്രീ.സി. കെ. ശശീന്ദ്രൻ**<br>**ശ്രീ.മുരളി പെരുനെല്ലി** | **ശ്രീ. വി.എസ്.സുനിൽ കുമാർ**<br>**(കൃഷി വകുപ്പ് മന്ത്രി)** |
| (എ) പഴങ്ങൾ, വിവിധയിനം പച്ചക്കറികൾ, കിഴങ്ങുകൾ എന്നിവയുടെ വിലയിടിവ് മൂലം കൃഷി ലാഭകരമല്ലാതാകുന്നത് പരിഹരിക്കാനായി വിപണി വിപുലീകരിക്കാൻ നടത്തിവരുന്ന പ്രവർത്തനങ്ങളെക്കുറിച്ച് അറിയിക്കാമോ; | (എ) പഴങ്ങൾ, വിവിധയിനം പച്ചക്കറികൾ, കിഴങ്ങുകൾ, എന്നിവയുടെ വിലയിടിവ്മൂലം കൃഷി ലാഭകരമല്ലാതാകുന്നത് പരിഹരിക്കുന്നതിനായി വിപണി വിപുലീകരിക്കുന്നതിന് കൃഷിവകുപ്പ് വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്.<br>കൂടാതെ കൃഷിവകുപ്പിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലുള്ള 6 കാർഷിക മൊത്ത വ്യാപാര വിപണികളും കർഷകർക്ക് ന്യായവില ഉറപ്പാക്കുവാൻ പ്രവർത്തിച്ച് വരുന്നുണ്ട്. പച്ചക്കറി വികസന പദ്ധതി പ്രകാരം കർഷകർ ഉത്പാദിപ്പിക്കുന്ന പഴം, പച്ചക്കറികൾ ന്യായവിലയ്ക്ക്, ഇടനിലക്കാരെ ഒഴിവാക്കി കൊണ്ട്, വിറ്റഴിക്കുന്നതിനുള്ള സംവിധാനം 34 ബ്ലോക്ക് ലെവൽ ഫെഡറേറ്റഡ് മാർക്കറ്റുകൾ, 240 എ ഗ്രേഡ് ക്ലസ്റ്റർ വിപണികൾ എന്നിവയിലൂടെ നടപ്പിലാക്കിവരുന്നുണ്ട്.<br>കൃഷിവകുപ്പിന്റെ കാർഷിക മൊത്തവ്യാപാര വിപണികളിലൂടെ കർഷകർക്ക് ലേല സംവിധാനത്തിലൂടെ മെച്ചപ്പെട്ട വില പ്രാപ്തമാക്കാൻ കഴിയുന്നുണ്ട്. കർഷക കൂട്ടായ്മകളുടെ കൺവീനർമാർ മുഖേന ഉത്പന്നങ്ങൾ മൊത്ത വ്യാപാര വിപണികളിൽ എത്തിക്കുന്നതിനാൽ ഉത്പന്നത്തിന്റെ കടത്ത് കൂലി കർഷകർക്ക് ലാഭിക്കുവാൻ കഴിയുന്നുണ്ട്. കൂടാതെ വിപണി ശക്തിപ്പെടുത്തൽ പദ്ധതിയുടെ ഭാഗമായി കേരളത്തിലൊട്ടാകെ 400 |

ആഴ്ചച്ചന്തകൾ പ്രവർത്തിച്ച് വരുന്നുണ്ട്. ആഴ്ചച്ചന്തകളുടെ നടത്തിപ്പിൽ കുടുംബശ്രീ സംവിധാനവും ഉൾപ്പെട്ടിട്ടുണ്ട്. ഇത് കൂടാതെ സർക്കാർ ഏജൻസിയായ വെജിറ്റബിൾ & ഫ്രൂട്ട് പ്രമോഷൻ കൗൺസിൽ സംസ്ഥാനത്തൊട്ടാകെ 283 സ്വാശ്രയകർഷക സമിതികൾ രൂപീകരിച്ച് വിപണന പ്രവർത്തനങ്ങളിൽ ഏർപ്പെട്ടുവരുന്നുണ്ട്. ടി വിപണികളിൽ ലേല സംവിധാനത്തിലൂടെയാണ് പഴം-പച്ചക്കറികൾ വിറ്റഴിച്ച് വരുന്നത്. കർഷകർക്ക് ഇപ്രകാരം മെച്ചപ്പെട്ട വില ലഭിക്കുന്നുണ്ട്. കൂടാതെ ഹോർട്ടികോർപ്പ് ടി സ്ഥാപനത്തിന്റെ സംഭരണ കേന്ദ്രങ്ങളിലൂടെ ഇടനിലക്കാരെ ഒഴിവാക്കിക്കൊണ്ട് കർഷകരിൽ നിന്നും, കർഷകകൂട്ടായ്മകളിൽ നിന്നും, കാർഷിക മൊത്ത വ്യാപാര വിപണികളിൽ നിന്നും ഇടനിലക്കാരെ ഒഴിവാക്കിക്കൊണ്ട് കാർഷികോത്പന്നങ്ങൾ സംഭരിക്കുന്നുണ്ട്. ഇത് കൂടാതെ ജൈവകാർഷിക മുറകളും, നല്ല കാർഷിക പരിപാലന മുറകളും പ്രത്യേകമായിത്തന്നെ വിറ്റഴിക്കുന്നതിനായി 440 എക്കോഷോപ്പുകളും പ്രവർത്തിച്ച് വരുന്നുണ്ട്.

(ബി) കാർഷിക വ്യവസായമെന്ന നിലയിൽ മൂല്യവർദ്ധിതോല്പന്നങ്ങൾ വ്യാപകമാക്കുന്നതിനുള്ള പദ്ധതികൾ എന്തെല്ലാമാണ്; ഇതിനായി രൂപീകരിക്കാനുദ്ദേശിച്ച അഗ്രോപാർക്കുകളുടെ പ്രവർത്തനം സംബന്ധിച്ച വിവരം നൽകാമോ;

(ബി) കാർഷിക വ്യവസായമെന്ന നിലയിൽ മൂല്യവർദ്ധിതോല്പന്നങ്ങൾ വ്യാപകമാക്കുന്നതിനുള്ള പദ്ധതികൾ സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ് കൺസോർഷ്യം (SFAC) മുഖേനയാണ് നിലവിൽ നടപ്പിലാക്കിവരുന്നത്. 2018-19 സാമ്പത്തിക വർഷം ചെറുതും ഇടത്തരം ശേഷിയിലും പ്രവർത്തിക്കുന്ന അഗ്രോ പ്രോസസിംഗ് യൂണിറ്റുകൾക്കായി 600.00 ലക്ഷം രൂപയും മൂല്യവർദ്ധനവിനുള്ള സൂക്ഷ്മതല യൂണിറ്റുകൾ (വ്യക്തിഗത /സ്വാശ്രയസംഘങ്ങൾ) ക്കായി 25.00 ലക്ഷം രൂപയും വകയിരുത്തിയിരിക്കുന്നു. കാർഷികോത്പന്നങ്ങളുടെ ഉത്പാദനവും സംസ്കരണവും, മൂല്യവർദ്ധനവും ബൃഹത് രൂപത്തിൽ വിഭാവനം ചെയ്യുന്നവയാണ് അഗ്രോപാർക്കുകൾ. അന്താരാഷ്ട്ര മാനദണ്ഡങ്ങൾ പാലിച്ചു കൊണ്ട് ഉത്പാദിപ്പിക്കുന്ന ഉത്പന്നങ്ങൾ/മൂല്യവർദ്ധിത

ഉത്പന്നങ്ങൾ ഉത്പാദന സ്ഥലങ്ങളിൽ നിന്നും നേരിട്ട് വിദേശങ്ങളിലേയ്ക്ക് കയറ്റുമതി ചെയ്യുകയെന്ന ലക്ഷ്യമാണ് അഗ്രോപാർക്കുകളുടെ സ്ഥാപനത്തിലൂടെ സർക്കാർ വിഭാവനം ചെയ്യിരിക്കുന്നത്. നാളികേരം, പഴം-പച്ചക്കറി, തേൻ എന്നീ മേഖലകളെ കേന്ദ്രീകരിച്ച് കൊണ്ട് 5 അഗ്രോപാർക്കുകൾ രൂപീകരിക്കുവാനാണ് തീരുമാനിച്ചിട്ടുള്ളത്. കോഴിക്കോട് ജില്ലയിൽ വേങ്ങേരി, കൂത്താളി എന്നിവിടങ്ങളിൽ നാളികേര അഗ്രോപാർക്കും, തൃശ്ശൂർ കണ്ണാറ ഫാമിൽ ബനാന പാർക്കും, ഇടുക്കിയിലെ പഴത്തോട്ടം എന്ന സ്ഥലത്ത് പച്ചക്കറി അഗ്രോപാർക്കും സ്ഥാപിക്കുന്നതി നായി കെയ്ക്കോയെ (കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ) എസ്.പി.വി. (സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ) ആയി തെരഞ്ഞെടുത്തിട്ടുണ്ട്. അഗ്രോപാർക്കുകൾ സ്ഥാപിക്കുന്നതിനായി കേരള ഇൻഫ്രാസ്ട്രക്ച്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് (കിഫ്ബി) ൽ നിന്നുമാണ് ധനസഹായം സ്വീകരിക്കുന്നത്. ഇതിനായി 2 നാളികേര പാർക്കുകളുടേയും, ബനാന-ഹണി അഗ്രോപാർക്കിന്റേയും വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് തയ്യാറാക്കി കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്.

ഇടുക്കി ജില്ലയിലെ പച്ചക്കറി പാർക്കിന്റേയും, പാലക്കാട് ജില്ലയിലെ മാമ്പഴ പാർക്കിന്റേയും വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കുന്നതിനുള്ള പ്രാരംഭനടപടികൾ ആരംഭിച്ചിട്ടുണ്ട്.

| | |
|---|---|
| (സി) ഗുണമേന്മയുള്ള വിളകളും തൈകളും ലഭ്യമാക്കുന്നതിനും വിള ഇൻഷ്വറൻസ് പദ്ധതിയിൽ കൂടുതൽ കർഷകരെ ചേർക്കുന്നതിനും സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമാണ്; | (സി) ഗുണമേന്മയുള്ള നടീൽവസ്തുക്കൾ (വിത്ത്, തൈകൾ മുതലായവ) ലഭ്യമാക്കുന്നതിനായി കൃഷിവകുപ്പിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലുള്ള 13 സ്പെഷ്യൽ ഫാമുകൾ, ജില്ലാ പഞ്ചായത്തുകൾക്ക് കൈമാറിയിട്ടുള്ള 8 തെങ്ങിൻ തൈ നഴ്സറികൾ, 33 സംസ്ഥാന വിത്തുല്പാദന കേന്ദ്രങ്ങൾ, 9 ജില്ലാ കൃഷിത്തോട്ടങ്ങൾ ഉൾപ്പെടെ 63 സ്ഥാപനങ്ങൾ പ്രവർത്തിച്ച് വരുന്നുണ്ട്.<br><br>വിള ഇൻഷ്വറൻസ് പദ്ധതിയിൽ കൂടുതൽ കർഷകരെ ചേർക്കുന്നതിനായി പദ്ധതി സംബന്ധിച്ച വിശദാംശങ്ങൾ ദൃശ്യശ്രാവ്യ |

മാധ്യമങ്ങൾ വഴിയും, ക്യാമ്പയിനുകൾ നടത്തിയും മുഴുവൻ കർഷകരിലേയ്ക്ക് എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്.

| | |
|---|---|
| (ഡി) കേന്ദ്ര, സംസ്ഥാന വിള ഇൻഷുറൻസ് പദ്ധതികളുടെ വിശദ വിവരം ലഭ്യമാക്കാമോ? | (ഡി) 2016-17 വർഷം മുതൽ കേന്ദ്രവിള ഇൻഷുറൻസ് 'പ്രധാനമന്ത്രി ഫസൽ ബീമ യോജന' എന്ന പേരിൽ നടപ്പിലാക്കി വരുന്നു. വരൾച്ച, വെള്ളപ്പൊക്കം,ഉരുൾപൊട്ടൽ, കൊടുങ്കാറ്റ്, പേമാരി, ചുഴലിക്കാറ്റ്, അത്യുഷ്ണം, ഇടമിന്നൽ, സ്വാഭാവികമായി ഉണ്ടാകുന്ന തീപിടിത്തം മുതലായ പ്രകൃതിക്ഷോഭങ്ങൾ മൂലമോ, രോഗകീടങ്ങളുടെ ആക്രമണം മൂലമോ പ്രഖ്യാപിത വിളകൾക്ക് ഉത്പാദന നഷ്ടം ഉണ്ടായാൽ വിള ഇൻഷ്വർ ചെയ്ത കർഷകർക്ക് സാമ്പത്തിക സഹായവും ഈ പദ്ധതി മുഖേന നൽകാൻ വ്യവസ്ഥ ചെയ്തിരിക്കുന്നു. നെല്ല്, വാഴ, മരച്ചീനി എന്നീ വിളകളെയാണ് ഈ ഇൻഷുറൻസിന്റെ പരിധിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. നെല്ലിന്റെ ഇൻഷ്വറൻസ് ആലപ്പുഴ, പത്തനംതിട്ട, കോട്ടയം എന്നീ 3 ജില്ലകളിൽ നടപ്പിലാക്കി വരുന്നു. വാഴ , മരച്ചീനി എന്നിവ എല്ലാ ജില്ലകളിലും നടപ്പിലാക്കി വരുന്നു.<br><br>കേന്ദ്രസർക്കാർ കാലാവസ്ഥാധിഷ്ഠിത വിള ഇൻഷുറൻസ് പദ്ധതിയും നടപ്പിലാക്കി വരുന്നു. ഈ പദ്ധതി പ്രകാരം വിളകൾക്ക് ദോഷമായി ഭവിക്കുന്ന അന്തരീക്ഷ താപനിലയിലുണ്ടാകുന്ന വ്യതിയാനങ്ങൾ, അതിവൃഷ്ടി, ശക്തമായകാറ്റ്, തുടർ ദിവസ ങ്ങളിൽ ഉണ്ടാകുന്ന ശക്തമായ മഴ, വരൾച്ച, രോഗകീടാക്രമണത്തിന് അനുയോജ്യമായ കാലാവസ്ഥ സാഹചര്യങ്ങൾ എന്നിവയ്ക്കാണ് ഇൻഷുറൻസ് പരിരക്ഷ ഏർപ്പെടുത്തി യിരിക്കുന്നത്. കേരളത്തിലെ ആലപ്പുഴ, പത്തനംതിട്ട ഒഴികെ 12 ജില്ലകൾക്കാണ് ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നത്. 2019 റാബി സീസൺ മുതൽ പദ്ധതി മാനദണ്ഡങ്ങളുടെ പട്ടികയിൽ തീവ്രവർഷവും പ്രളയവും 'add on cover' ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.<br><br>സംസ്ഥാന വിള ഇൻഷുറൻസ് പദ്ധതിയിൽ പ്രധാനപ്പെട്ട മുഴുവൻ വിളകളേയും ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്നു. എല്ലാ |

വിളകൾക്കും പ്രകൃതിക്ഷോഭം മൂലമുണ്ടാകുന്ന വിളനഷ്ടത്തിന് ആനുകൂല്യം നൽകി വരുന്നു.

നെൽകൃഷിയ്ക്ക്

സംസ്ഥാനത്ത് എവിടേയും കീടരോഗബാധ മൂലം ഉണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടുണ്ട്. പദ്ധതി പഞ്ചായത്ത് തലത്തിൽ കൃഷിഭവൻ വഴി നടപ്പിലാക്കി വരുന്നു. സർക്കാർ കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന പ്രീമിയം തുക അടച്ച്, കർഷകർക്ക് പദ്ധതിയിൽ ചേരാവുന്നതാണ്. സ്വന്തമായോ പാട്ടത്തിനോ കൃഷി ഇറക്കുന്ന കർഷകർക്ക് ഈ പദ്ധതിയിൽ അംഗമാകാവുന്നതാണ്. നെൽകൃഷി വ്യക്തിഗത അടിസ്ഥാനത്തിലോ, ഗ്രൂപ്പ് ഫാമിംഗ് നിലവിലുള്ള പാടശേഖരങ്ങളിൽ ഗ്രൂപ്പ് അടിസ്ഥാനത്തിലോ, വിള ഇൻഷ്വർ ചെയ്യാവുന്നതാണ്. പ്രീമിയം തുക അടച്ച ദിവസം മുതൽ 7 ദിവസങ്ങൾക്ക് ശേഷം ഉണ്ടാകുന്ന കൃഷിനാശത്തിന് നഷ്ടപരിഹാരത്തിന് അർഹതയുണ്ട്.

ഓരോ വിളകളും ഇൻഷ്വർ ചെയ്യുന്നതിനായി ഒടുക്കേണ്ട പ്രീമിയം തുകയും, കാലാവധിയും, നഷ്ടപരിഹാരത്തുകയും ഉൾപ്പെടുത്തിയിട്ടുള്ളത് സ.ഉ.(എംഎസ്) 37/2017/കൃഷി തീയതി 22/03/2017, സ.ഉ.(കൈ) നം.1192/2017/കൃഷി തീയതി 13/12/2017 എന്നീ ഉത്തരവുകൾ പ്രകാരമാണ്.

**സെക്ഷൻ ഓഫീസർ**